ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

അകയർ ചെയ്ത സ്ഥലം തിരികെ നൽകണമെന്ന ചെമ്മാട് ജുമാ അത്തിന്റെ ആവശ്യം

57 (869) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ ചെമ്മാട് ജംഗ്ഷൻ വീതി കൂട്ടുന്നതിന് അകയർ ചെയ്തതും ആവശ്യമില്ലെന്ന് കണ്ട് ചീഫ് എഞ്ചിനീയർ ഒഴിവാക്കിയതുമായ സ്ഥലം തിരൂരങ്ങാടി ചെമ്മാട് ജുമാ അത്ത് ബിദ്പത്തൂർ ഇസ്ലാം സംഘത്തിന് തിരിച്ചു നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് ;

(ബി) ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിലെ ചെമ്മാട് ജംഗ്ഷൻ വീതി കൂട്ടുന്നതിന് അകയർ ചെയ്തതും ആവശ്യമില്ലെന്ന് കണ്ട് ചീഫ് എൻജിനിയർ ഒഴിവാക്കിയതുമായ സ്ഥലം തിരൂരങ്ങാടി ചെമ്മാട് ജുമാ അത്ത് ബിദ്പത്തൂർ ഇസ്ലാം സംഘത്തിന് തിരിച്ചുനൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഹർജി സർക്കാരിന് ലഭിച്ചിട്ടുണ്ട്. 22-12-2000 ലെ ജി. ഒ (എം എസ്) 387/2000/ ആർഡി നമ്പർ ഉത്തരവു പ്രകാരം സർക്കാർ ആവശ്യത്തിനുവേണ്ടി പൊന്നും വിലയ്ക്ക് ഏറ്റെടുത്തിട്ടുള്ള ഭൂമി പ്രസ്തുത കാര്യത്തിന് ആവശ്യമില്ലാതെ വരുന്ന സന്ദർഭങ്ങളിൽ മുൻ ഉടമയ്ക്കു തന്നെ തിരിച്ചു നൽകാൻ വ്യവസ്ഥയില്ല. ഇത്തരത്തിലുള്ള ഭൂമി പൊതു ആവശ്യത്തിനോ, സർക്കാർ വകുപ്പുകൾക്കോ, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കോ ആവശ്യമില്ലാത്ത പക്ഷം പൊതുലേലം ചെയ്ത് കൊടുക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെയുള്ള ലേലത്തിൽ മുൻ ഉടമയ്ക്കും പങ്കെടുക്കാവുന്നതാണ്.

റവന്യൂവകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

58 (870) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) 2000 ഡിസംബർ 31 വരെ എത്ര താലൂക്ക് /വില്ലേജാഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി ;

(സി) സംസ്ഥാനത്താകെ റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly